# ഡോ. സഫറുൽ ഇസ്‌ലാം ഖാൻ
# ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറ പ്രസിഡന്റ്



ഡോ. സഫറുൽ ഇസ്‌ലാം ഖാൻ

**ഇന്ത്യൻ** മുസ്‌ലിംകളുടെ പൊതുവേദിയായ ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ പ്രസിഡന്റായി പ്രശസ്ത പത്രപ്രവർത്തകനും പണ്ഡിതനുമായ ഡോ. സഫറുൽ ഇസ്‌ലാം ഖാൻ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് സയ്യിദ് ശിഹാബുദ്ദീന്റെ കാലത്ത് സംഘടനയുടെ സെക്രട്ടറിമാരിൽ ഒരാളായിരുന്നു അദ്ദേഹം.

ഉത്തർപ്രദേശിലെ അഅ്സംഗഢിൽ 1948-ലാണ് സഫറുൽ ഇസ്‌ലാം ഖാന്റെ ജനനം. അഅ്സംഗഢിലെ മദ്‌റസതുൽ ഇസ്‌ലാഹ്, ലക്നോവിലെ ദാറുൽ ഉലൂം എന്നിവിടങ്ങളിലായിരുന്നു ആദ്യകാല പഠനം. 1966-73 കാലയളവിൽ ഈജിപ്തിലെ അൽ അസ്ഹർ, കെയ്റോ യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിച്ചു. 1986-ൽ മാഞ്ചസ്റ്റർ യൂനിവേഴ്സിറ്റിയിൽനിന്ന് ഇസ്‌ലാമിക പഠനങ്ങളിൽ ഡോക്ടറേറ്റ്.

തൊള്ളായിരത്തി എഴുപതുകളിൽ ലിബിയൻ വിദേശകാര്യ മന്ത്രാലയത്തിൽ എഡിറ്ററും പരിഭാഷകനുമായി ജോലി ചെയ്തു. എൺപതുകളിൽ ലണ്ടൻ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന മുസ്‌ലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് അതിന്റെ *മുസ്‌ലിം മീഡിയാ ന്യൂസ് സർവീസി*ന്റെയും മറ്റു പ്രസിദ്ധീകരണങ്ങളുടെയും ചുമതല ഏറ്റെടുത്തു.

സ്വന്തമായി എഴുതിയതും വിവർത്തനം ചെയ്തതുമായ കൃതികൾ നാൽപതോളം വരും. *എൻസൈക്ലോപീഡിയാ ഓഫ് ഇസ്‌ലാം* ഇംഗ്ലീഷ് വിജ്ഞാനകോശത്തിനുവേണ്ടി നിരവധി ശീർഷകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. മധ്യപൗരസ്ത്യ പ്രശ്നങ്ങളിൽ വിശദമായ പഠനങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം രചിച്ച *പാലസ്റ്റൈൻ ഡോക്യുമെന്റ്സ്* (1998) എന്ന കൃതി, ഫലസ്തീൻ ചരിത്രത്തെക്കുറിച്ചുള്ള ഇംഗ്ലീഷിലെ ആധികാരിക പഠനങ്ങളിലൊന്നാണ്. 1988-ൽ അദ്ദേഹം *ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്‌ലാമിക് & അറബ് സ്റ്റഡീസ്* സ്ഥാപിക്കുകയും അതിന്റെ കീഴിൽ Muslim & Arab perspective എന്ന ജേർണൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 2000 ജനുവരിയിൽ പ്രസിദ്ധീകരണം ആരംഭിച്ച *ദ മില്ലി ഗസറ്റ്* ദ്വൈവാരികയുടെ എഡിറ്ററുമാണ്.

ദേശീയ-പ്രാദേശിക തലങ്ങളിൽ മുസ്‌ലിം ഗ്രൂപ്പുകളുടെ വിവിധ കൂട്ടായ്മകൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും ഇന്ത്യൻ മുസ്‌ലിംകളെ മൊത്തം പ്രതിനിധീകരിക്കാൻ കെൽപ്പുള്ള പൊതുവേദി ഇന്നും നാലു പതിറ്റാണ്ട് മുമ്പ് സ്ഥാപിതമായ മുശാവറ തന്നെയാണെന്ന് നിയുക്ത പ്രസിഡന്റ് പറഞ്ഞു. 'മുശാവറ ഒരു രാഷ്ട്രീയ കൂട്ടായ്മയല്ല. പക്ഷേ, ന്യൂനപക്ഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അത് രാഷ്ട്രീയ പാർട്ടികളിലും ഭരണകൂടങ്ങളിലും ശക്തമായ സമ്മർദ്ദങ്ങൾ ചെലുത്തിയിട്ടുണ്ട്. ഈ നിലപാട് തുടരും. അതോടൊപ്പം പ്രശ്നങ്ങളിൽ സന്തുലിതവും സുചിന്തിതവുമായ നിലപാടുകൾ സ്വീകരിക്കാൻ മുസ്‌ലിം സമൂഹത്തെ പ്രാപ്തരാക്കുംവിധം മീഡിയ ഇടപെടലുകളും മറ്റും നടത്തും. ഭരണകൂടത്തിൽനിന്ന് സമുദായത്തിന് അർഹതപ്പെട്ട അവകാശങ്ങൾ നേടിക്കൊടുക്കുന്നതിൽ ഒതുക്കുകയില്ല വേദിയുടെ പ്രവർത്തനങ്ങൾ. സമുദായ പുരോഗതിക്കായി സ്വന്തം വിഭവങ്ങൾ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നു ഗൗരവപൂർവം ആലോചിക്കും.' ■

## തുഹ്ഫയുടെ ഇംഗ്ലീഷ് പരിഭാഷ

**മലബാറിലെ** അധിനിവേശ വിരുദ്ധ പോരാട്ടങ്ങളുടെ ആധികാരിക ചരിത്രരേഖയാണ് ശൈഖ് സൈനുദ്ദീൻ മഖ്ദൂം അറബിയിൽ രചിച്ച *തുഹ്ഫതുൽ മുജാഹിദീൻ* (പോരാളികൾക്കുള്ള പാരിതോഷികം). പോർച്ചുഗീസ് അധിനിവേശകർക്കെതിരെ പോരാടേണ്ടത് ഓരോ മുസ്‌ലിമിന്റെയും കടമയാണെന്ന് സമർഥിക്കുകയാണ് കൃതിയിൽ.




ഈ കൃതി അതേ പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. 'വാസ്കോഡ ഗാമ കോഴിക്കോട്ട് വന്നിറങ്ങിയ 1498 മുതൽ 1583 വരെയുള്ള കാലയളവിൽ പോർച്ചുഗീസ് കൊളോണിയലിസ്റ്റുകൾക്കെതിരെ മലബാർ മുസ്‌ലിംകൾ നടത്തിയ കടുത്ത പോരാട്ടത്തിന്റെ ചരിത്ര വിവരണമാണിത്. ഗ്രന്ഥകർത്താവ് നേരിൽ കണ്ടതോ പങ്കാളിയായതോ ആയ സംഭവങ്ങളാണ് അവയിൽ പലതും. മലബാറിലെ ഇസ്‌ലാമിന്റെ ചരിത്രം, മേഖലയിലെ ഹിന്ദു-മുസ്‌ലിം ബന്ധങ്ങൾ, ഇരുവിഭാഗങ്ങളുടെയും ആചാരാനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ച് മിഴിവാർന്ന ഒരു ചിത്രവും കൃതിയിൽനിന്ന് ലഭിക്കുന്നു.' ഇംഗ്ലീഷ് പരിഭാഷയെ നിരൂപണം ചെയ്തുകൊണ്ട് കോളമിസ്റ്റും പണ്ഡിതനുമായ യോഗീന്ദർ സിക്കന്ദ് എഴുതി.

കൃതി അറബിയിൽനിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് എസ്. മുഹമ്മദ് ഹുസൈൻ നൈനാർ. ക്വാലാലമ്പൂരിലെ ഇസ്‌ലാമിക് ബുക്ട്രസ്റ്റാണ് പ്രസാധകർ (www.ibtbooks.com). ■